"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - ഇലക്ട്രോണിക്സ് വിഭാഗം പൊതു സ്ഥലം മാറ്റം **2023-2024** ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ എ**1/20040/2023/**കോ വി വ   തീയതി: **06/07/2023**

പരാമർശം:**1.**ഈ ഓഫീസിലെ **02.03.2023** തീയതിയിലെ എ**1/7936/2023/**കോവിവ നമ്പർ സർക്കുലർ
**2.17.06.2023** തീയതിയിലെ എ**1/20040/2023/**കോവിവ നമ്പർ നടപടിക്രമം
**3.**ശ്രീ.ശ്രീജിത്ത് എം. നായരുടെ **26.06.2023**ലെ പരാതി

### ഉത്തരവ്

സർക്കാർ കോളേജുകളിലെ ഇലക്ട്രോണിക്സ് വിഭാഗം അദ്ധ്യാപകരുടെ **2023-2024** ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം **2** പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് ഉത്തരവ് പ്രസിദ്ധീകരിച്ച് **7** ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു.ആയതനുസരിച്ച് ലഭിച്ച പരാതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം ഇലക്ട്രോണിക്സ് വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | **ശ്രീ. അനീഷ് കുമാർ എം.എസ്**<br>**PEN NO.836176**<br>അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇലക്ട്രോണിക്സ് ഗവണ്മെന്റ് കോളേജ് മാനന്തവാടി<br>(ഓപ് ഷൻ) | ഗവണ്മെന്റ് കോളേജ് ചിറ്റൂർ<br>(ശ്രീ. സരിൻ വി.പിയെ സ്ഥലംമാറ്റുന്ന ഒഴിവിൽ) | ഔട്ട് സ്റ്റേഷൻ ഡ്യൂട്ടി പരിഗണിച്ച് ഹോം സ്റ്റേഷനിൽ സ്ഥലം മാറ്റം അനുവദിക്കുന്നു |
| 2 | ശ്രീ. സരിൻ വി.പി<br>**PEN NO.663963**<br>അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇലക്ട്രോണിക്സ് ഗവണ്മെന്റ് കോളേജ് ചിറ്റൂർ<br>(നിർബന്ധിതം) | ഗവണ്മെന്റ് ആർട് സ് ആൻഡ് സയൻസ് കോളേജ് താനൂർ<br>(ശ്രീമതി. രചന ജോർജിന്റെ ശൂന്യവേതനാവധി ഒഴിവിൽ) | കൂടുതൽ കാലം ഔട് സ്റ്റേഷനിൽ ഡ്യൂട്ടിയുള്ള അദ്ധ്യാപകരിൽ സർവീസ് ജൂനിയർ ആണെന്ന് പരിഗണിച്ചു |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
സുധീർ കെ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5.എ / ബി സെക്ഷൻ സൂപ്രണ്ട്
6.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ് ,നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം
7.കരുതൽ ഫയൽ /ഓഫീസ് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്